## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 392 — 26.06.2014 ൽ മറുപടിക്ക്

### മാവേലി സ്റ്റോറുകളിൽ സബ്സിഡി അരി ലഭ്യമാക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീമതി കെ.കെ. ലതിക<br>ശ്രീമതി കെ.എസ്. സലീഖ<br>ശ്രീ. കെ.കുഞ്ഞിരാമൻ<br>(തൃക്കരിപ്പൂർ) | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മാവേലി സ്റ്റോറുകളിൽ സബ്സിഡി അരി ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | ഇത് പൊതുമാർക്കറ്റിൽ അരിയുടെ വില വൻതോതിൽ വർദ്ധിക്കുന്നതിന് കാരണമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ആവശ്യകതയുടെ ഭൂരിഭാഗവും അന്യസംസ്ഥാനങ്ങളെ ആശ്രയിച്ചാണ് നിറവേറ്റപ്പെടുന്നത്. അന്യസംസ്ഥാനങ്ങളിലുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനം, കയറ്റിറക്ക് കൂലിച്ചെലവിലുണ്ടാകുന്ന വർദ്ധനവ്, പെട്രോൾ. ഡീസൽ വില വർദ്ധനവ് മുതലായവമൂലം അരിയുടെ വിലയിലും ആനുപാതികമായ മാറ്റമുണ്ടാകും. എന്നിരുന്നാലും സർക്കാരിന്റെ സമയോചിതമായ വിപണിയിടപെടൽ മുഖാന്തിരം അരിയുടെ വില നിയന്ത്രിച്ച് നിർത്തുന്നതിന് കഴിയുന്നു. പൊതുവിതരണ ശൃംഖലയിലൂടെയും മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ പീപ്പിൾസ് ബസാറുകൾ തുടങ്ങിയവയിലൂടെയും കുറഞ്ഞ നിരക്കിൽ അരി വിതരണം ചെയ്തു വരുന്നു. |
| (സി) | അയൽസംസ്ഥാനങ്ങളിലെ അരിമില്ലുകളിൽ അരിയുടെ ലഭ്യത വർദ്ധിച്ചിട്ടും നേരിട്ട് അരിവാങ്ങുന്നതിന് സപ്ലൈകോ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; | (സി) | 25 ലക്ഷത്തിനു മുകളിൽ മൊത്തം വിലയുള്ള സാധനങ്ങൾ ഇ-ടെണ്ടർ മുഖേന മാത്രമേ വാങ്ങിക്കാവൂ എന്ന് ഉത്തരവായിട്ടുണ്ട്. അയൽസംസ്ഥാനങ്ങളിലെ അരിമില്ലുകളിൽ നിന്നും അരി നേരിട്ട് വാങ്ങിക്കുന്നത് ഈ തീരുമാനത്തിന് വിരുദ്ധമായതിനാൽ പ്രായോഗികമല്ല. |

| | | | |
|---|---|---|---|
| (ഡി) | സപ്ലൈകോ ഔട്ട്ലെറ്റുകളിലൂടെ വിതരണം ചെയ്യേണ്ട അരി കരിഞ്ചന്തയിൽ വിറ്റഴിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം കേസുകളിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Beena

**സെക്ഷൻ ഓഫീസർ**

6